
# ACADEMIC MASTER PLAN

ST. MARY'S H.S.S
ARAKULAM



# സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂൾ അറക്കുളം

## അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂൾ |
| വിലാസം | : അറക്കുളം പി.ഒ.,അറക്കുളം,ഇടുക്കി ജില്ല |
| ഫോൺ നമ്പർ | : 04862 204281(HS) |
| സ്കൂൾ കോഡ് | : 29014 (HS) |
| **UDISE CODE** | : 32090200111 |
| വിദ്യാഭ്യാസ ഉപ ജില്ല | : അറക്കുളം |
| വിദ്യാഭ്യാസ ജില്ല | : തൊടുപുഴ |
| റവന്യൂ ജില്ല | : ഇടുക്കി |
| ബി.ആർ.സി | : അറക്കുളം |
| സി.ആർ.സി | : |
| ഗ്രാമ പഞ്ചായത്ത് | : അറക്കുളം (രണ്ടാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : ഇടുക്കി |
| ജില്ലാ പഞ്ചായത്ത് | : ഇടുക്കി |
| നിയമസഭാ മണ്ഡലം | : ഇടുക്കി |
| ലോകസഭാ മണ്ഡലം | : ഇടുക്കി |
| താലൂക്ക് | : തൊടുപുഴ |
| വില്ലേജ് | : അറക്കുളം |
| ഇ-മെയിൽ | : 29014smhs@gmail.com |

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം
5. പദ്ധതിരൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശങ്ങൾ
9. പ്രതീക്ഷിത നേട്ടങ്ങൾ
10. ഉപസംഹാരം

അനുബന്ധം

1. മികവുകൾ,നേട്ടങ്ങൾ
2. കുട്ടികളുടെ എണ്ണം

# ആമുഖം

ഇടുക്കിജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിലാണ് ഈ വിദ്യാലയം.ഏഷ്യയിലെ ഏറ്റവും വലിയ ഭൂഗർഭ ജലവൈദ്യുത പദ്ധതിയായ ഇടുക്കിയുടെ പവർഹൗസ് സ്ഥിതിചെയ്യുന്ന മൂലമറ്റത്തിന് അടുത്ത് ചരിത്രപരവും,ഐതിഹ്യപരവുമായി പുകൾപ്പെറ്റ നാടാണിത്. പൂഞ്ഞാർ തമ്പുരാക്കന്മാരുടെ അധീനതയിലായിരുന്ന ഈ ദേശം തിരുവിതാംകൂർ രാജാവായ മാർത്താണ്ഡവർമ്മ കീഴടക്കി.കരം പിരിക്കാൻ അറക്കുളം പണിക്കാരെയാണ് ചുമതലപ്പെടുത്തിയത്. പയറ്റു പരിശീലനകേന്ദ്രങ്ങൾ ധാരാളമുണ്ടായിരുന്ന ഈ നാട് അടർ കളം എന്നാണ് അറിയപ്പെട്ടിരുന്നത്.പിന്നീട് ലോപിച്ച് അറക്കുളം ആയതാണെന്ന് പറയപ്പെടുന്നു.കൂടാതെ ഈ ദേശത്ത് ആറുകുളം ഉണ്ടായിരുന്നത് ലോപിച്ച് അറക്കുളം ആയതാണെന്നും ഭാഷ്യമുണ്ട്. ഐതിഹ്യ ചരിത്രത്തിൽ ഇടം നേടിയ ഒരു നാട്ടിലെ പ്രമുഖ വിദ്യാലയം എന്ന നിലയിൽ സെന്റ് മേരീസിന് അഭിമാനിക്കാം.

# ലക്ഷ്യങ്ങൾ

1. മതേതരത്വം,ജനാധിപത്യം എന്നീ മൂല്യങ്ങൾ ശരിയായി ഗ്രഹിക്കാൻ തക്ക വിധം തികച്ചും സൗജന്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം എല്ലാവരിലേയ്ക്കും എത്തിക്കുക.

2. വ്യക്തിത്വ വികസനത്തിനും അക്കാദമിക മികവിനും ഉപകരിക്കുന്ന വിധത്തിൽ പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കുക.

3.ആധുനിക കാലഘട്ടത്തിന് യോജിച്ച വിധത്തിൽ സ്കൂളിന്റെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

4. എട്ടാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സുവരെ ക്ലാസ്സടിസ്ഥാനത്തിലും വിഷയ അടിസ്ഥാനത്തിലും പാഠ്യപദ്ധതികൾക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ ക്രമീകരിക്കുക.

5. പാഠ്യപദ്ധതിക്കനുസൃമായി നേടേണ്ട ശേഷികൾ ആർജ്ജിക്കുന്നതിനുള്ള സമയബന്ധിതമായ കലണ്ടർ രൂപപ്പെടുത്തുക.

6. അദ്ധ്യയനം ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കൂടുതൽ ആകർഷകമാക്കുക.

## ചരിത്രം

1982- ൽ ഹൈസ്കൂളായി ആരംഭം.പാലാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിൽ ഇടുക്കി ജില്ലയിലുള്ള ഏക ഹൈസ്കൂൾ. 1998-ലാണ് രണ്ട് സയൻസ് ബാച്ചുകളും ഒരു ഹ്യുമാനിറ്റിസ് ബാച്ചും ഉൾപ്പെടുത്തി ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടത്.2012-ൽ കൊമേഴ്സ് ബാച്ച് അനുവദിച്ച് കിട്ടി.ഹൈസ്കൂളിലും ഹയർസെക്കണ്ടറിയിലുമായി ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന വലിയ സ്കൂളായി ഇതിനോടകം ഈ സ്കൂൾ മാറിക്കഴിഞ്ഞു.

എസ്.എസ്.എൽ.സി പരീക്ഷയിൽ ലഭിക്കുന്ന 100% വിജയവും പ്ലസ് ടു പരീക്ഷയിലെ 100%ത്തിനോട് അടുത്ത വിജയവും പാഠ്യ- പാഠ്യേതര രംഗങ്ങളിൽ രംഗങ്ങളിൽ പുലർത്തുന്ന മികവും ഈ സ്കൂളിനെ ഇടുക്കി ജില്ലയിലെ മുൻനിര സ്കൂളുകളുടെ നിലയിലേയ്ക്ക് ഉയർത്തിയിരിക്കുന്നു.

ചലച്ചിത്ര പിന്നണി ഗായിക അശ്വതി വിജയൻ,രാഷ്ട്രീയ രംഗത്തെ ശ്രദ്ധേയ സാന്നിദ്ധ്യമായ എം.മോനിച്ചൻ തുടങ്ങി സാമൂഹിക സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ സാന്നിദ്ധ്യമറിയിച്ച നിരവധിപേർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്.

കരിയർ,ക്വിസ്, ഒറേറ്ററി,സയൻസ്,സോഷ്യൽസയൻസ്, ഗണിതം, Eco,ലഹരി വിരുദ്ധ ക്ലബ് തുടങ്ങിയ ക്ലബുകൾ,സുസജ്ജമായ ലൈബ്രറി,IT ലാബ്,സ്കൗട്ട് ആൻഡ് ഗൈഡ്,ജൂനിയർ റെഡ്ക്രോസ്, വിദ്യാരംഗം തുടങ്ങിയ സംഘടനകളുടെ പ്രവർത്തനം സ്കൂളിന്റെ പഠന-പഠനാനുബന്ധ- പാഠ്യേതര പ്രവർത്തനങ്ങളെ ഗുണകരമായി സഹായിക്കുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. ഒരു വ്യക്തിയുടെ മനസ്സിലും ശരീരത്തിലും ആത്മാവിലും കുടികൊള്ളുന്ന സർവ്വ നന്മകളുടേയും ബഹിർസ്ഫുരണമാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ വിദ്യഭ്യാസ ദർശനത്തിൽ ഊന്നിനിന്നുകൊണ്ട് അക്കാദമിക് പ്രവർത്തനങ്ങളെ പുനഃക്രമീകരിക്കുക.

2. പാഠ്യ–പാഠ്യേതരപ്രവർത്തനങ്ങളിൽ പൂർണ്ണമനസ്സോടെ സഹകരിക്കാനുള്ള താല്പര്യം കുട്ടികളിൽ ജനിപ്പിക്കാനുതകുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3. ശുചിത്വം,ദീനാനുകമ്പ,കൃത്യനിഷ്ഠ,ഉത്തരവാദിത്വബോധം,സമയനിഷ്ഠ എന്നീ മൂല്യങ്ങളും ക്രിയാത്മക മനോഭാവവും കുട്ടികളിൽ രൂപപ്പെടുത്താനുതകുന്ന സാഹചര്യങ്ങളും സമീപനങ്ങളും ഒരുക്കൽ.

4.പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.(ഉദാ:ഭവന സന്ദർശനം പോലുള്ള പരിപാടികൾ)

5. ഏറ്റവും വ്യക്തവും തെളിമയാർന്നതുമായ ഒരു കാഴ്ചപ്പാട് ജീവിതത്തെക്കുറിച്ച് ഉണ്ടാക്കിയെടുക്കാൻ കുട്ടിയെ പ്രാപ്തനാക്കുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

6. പാരിസ്ഥിതികാവബോധം കാലഘട്ടത്തിന്റെ അടിയന്തിരാവശ്യമാണെന്നുള്ള ചിന്ത കുട്ടിയിൽ ജനിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.

7. പട്ടണമേഖലയാണോ,നഗരപ്രദേശമാണോ എന്ന വ്യത്യാസമില്ലാതെ ഏതൊരു മേഖലയിലുള്ളവരോടും മത്സരിക്കാൻ പ്രാപ്തിയുള്ള തലമുറയെ ഗ്രാമാന്തരീക്ഷത്തിൽ വാർത്തെടുക്കുക.

8. സത്യസന്ധത,നീതിബോധം,ആദരവ് എന്നിവയിൽ അധിഷ്ഠിതമായ മഹിമയുള്ള സ്വഭാവരൂപവൽക്കരണമാണ് വിദ്യാഭ്യാസത്തിന്റെ കാതൽ എന്ന ചിന്ത പകരുന്ന പരിശീലനം നൽകൽ.

## പദ്ധതിരൂപീകരണപ്രക്രിയ – വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി. യോഗത്തിൽ "സെന്റ് മേരീസ് എച്ച്.എസ്.എസ്. @2030" എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
2. അക്കാദമികം,ഭൗതീകം,സാമൂഹികം എന്നി മൂന്ന് മേഖലകളേയും സ്പർശിച്ചുകൊണ്ടുള്ള വികസനരേഖയുടെ കരട് തയ്യാറാക്കൽ.
3. വികസനരൂപരേഖയുടെ കരട്, എസ്.ആർ.ജി., എസ്.എം.സി., പി.ടി.എ.,എം.പി.ടി.എ. ഇവയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5. പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാ വിശകലനം

### എ. ഭൗതികം- നേട്ടങ്ങൾ

ഹൈസ്കൂൾ തലത്തിൽ 11 ക്ലാസ്സ് മുറികൾ ടൈൽ വർക്ക്,വയറിംഗ് എന്നിവ പൂർത്തീകരിച്ച് ഹൈടെക് സംവിധാനം ഒരുക്കി.

### ബി. ഭൗതികം - പരിമിതികൾ

1. മുഴുവൻ കുട്ടികളേയും ഒരുമിച്ച് ഉൾക്കൊള്ളാനുള്ള ഒരു ഓഡിറ്റോറിയത്തിന്റെ അഭാവം.
2. ജൈവവൈവിധ്യ പാർക്ക് പോലുള്ള സർക്കാർ പദ്ധതികൾ ഏറ്റെടുത്ത് നടത്താനുള്ള സ്ഥലലഭ്യതയുടെ അഭാവം.
3. സയൻസ് ലാബ്,ഡൈനിംഗ് ഹാൾ എന്നിവയുടെ അഭാവം.

### സി. അക്കാദമികം - നേട്ടങ്ങൾ

തുടർച്ചയായ വർഷങ്ങളിൽ നൂറുശതമാനത്തോട് അടുത്ത വിജയ ശതമാനം.പല വർഷങ്ങളിലും നൂറുശതമാനം വിജയം കൈവരിച്ചിരുന്നു പാഠ്യേതര വിഷയങ്ങളിൽ മികവുറ്റ നേട്ടങ്ങൾ കൊയ്യാൻ കുട്ടികൾക്ക്

കഴിഞ്ഞു.ഉപജില്ല കലോത്സവത്തിൽ ഓവറോൾ നേടാൻ വർഷങ്ങളായിട്ട് സാധിക്കുന്നു.ഉപജില്ല ശാസ്ത്രോത്സവത്തിൽ സോഷ്യൽ സയൻസിൽ തുടർച്ചയായി ഓവറോൾ നേടാൻ സാധിക്കുന്നു. പ്രവൃത്തിപരിചയമേളയിൽ 2 എ ഗ്രേഡ് നേടാൻ കഴിഞ്ഞു.ഉപജില്ല കായിക മത്സരത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടാൻ കഴിഞ്ഞു. സംസ്ഥാന ഹോക്കി,ക്രിക്കറ്റ് മത്സരത്തിൽ കുട്ടികൾ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ച വയ്ക്കുകയും ചെയ്തു.

## ഡി.അക്കാദമികം - പരിമിതികൾ

1.ക്ലാസ്സ് ലൈബ്രറികളുടെ അഭാവം

2.ഗ്രന്ഥശാലകൾ നവീകരിക്കപ്പെടേണ്ടതുണ്ട്.

3. ലബോറട്ടറികളുടെ ആധുനികവത്കരണം

4. ഡൈനിംഗ് ഹാൾ, ഓഡിറ്റോറിയം

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ -ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതികം |
|---|---|
| 1.ഭാഷാശേഷി വികസനം(അക്ഷര കളരി) | 1.ക്ലാസ്സ് മുറികളുടെ പാർട്ടീഷൻ,സീലിംഗ് |
| 2.ലഹരി വിരുദ്ധ സ്ക്വാഡ് | 2.ഡൈനിംഗ്ഹാൾ |
| 3.ലബോറട്ടറി ആധുനികവത്കരിക്കൽ | 3.ഓഡിറ്റോറിയം |
| 4.NMMS പരിശീലനം | 4.മാലിന്യ സംസ്കരണം |
| 5.ലൈബ്രറി ശാക്തീകരണം | 5.എസ്.എം.സി. കാര്യക്ഷമമാക്കൽ |
| 6.Teens Club | |
| 7.പൊതുവിജ്ഞാന വികസനപദ്ധതി | |

## മലയാളം — ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ,നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3)പദ നിർമ്മാണം<br>4) വാക്യ നിർമ്മാണം<br>5) ഭാഷാ പരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് | 2 മാസക്കാലം - 1 വർഷക്കാലം | മലയാളം ടീച്ചർ<br>SRG | PTA |
| 2) എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക. | 1) ക്ലാസ്സ് വായനാ കൂട്ടം രൂപീകരിക്കൽ<br>2)ക്ലാസ്സ് ലൈബ്രറി നവീകരിക്കൽ<br>3) ക്ലാസ്സ് നിലവാരത്തിന് അനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ | 6 മാസം- 1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ | PTA |
| | 4) സ്കൂൾ ലൈബ്രറി നവീകരണം<br>5) റീഡിംഗ് റൂം - പ്രത്യേക സൗകര്യമൊരുക്കൽ<br>6) വായനോത്സവം<br>7) ജന്മദിന പുസ്തകം | 6 മാസം - 1 വർഷം | മലയാളം അധ്യാപകർ | PTA |
| | 8) പത്രവായന | | മലയാളം ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3) പത്രവായന | പത്രവായന പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. ഓരോ ക്ലാസ്സിനും ഓരോ പത്രം | 3 മാസം | വിദ്യാരംഗം ഇൻ ചാർജ് | PTA |
| | രാവിലെ പ്രധാന വാർത്തകളുടെ അവതരണം | ദിവസേന | | |
| | പത്രക്വിസ്സ് | ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകൻ | PTA |
| 4) സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്സ്-രചനാശില്പശാല (കവിത,കഥ) | വർഷത്തിൽ ഒരു തവണ | മലയാളം അധ്യാപകർ | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ ഒരു തവണ | വിദ്യാരംഗം | |
| | ക്ലാസ്സ് തല,സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | 6 മാസത്തിലൊരിക്കൽ | വിദ്യാരംഗം SRG | PTA |
| | പുസ്തക ചർച്ച,പുസ്തകാസ്വാദനം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ഇ-വായന | | | |
| | സാഹിത്യകാരന്മാരുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം | |
| | അമ്മമാർക്കൊരു പുസ്തകം( വീടുകളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിലൊരിക്കൽ | മലയാളം അധ്യാപകർ | PTA |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരം,ചിഹ്നം,ഉച്ചാരണം ഇടങ്ങിയവയുടെ പരിശീലനം | അക്ഷരമാല,കാർഡ് നല്ലന്നു,അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.ഉച്ചാരണം ഓഡിയോ വിഷ്വൽ സഹായത്തോടെ പരിചയപ്പെടുത്തുന്നു. | ജൂൺ -ജൂലൈ | ഹിന്ദി അധ്യാപകർ | പി.റ്റി.എ |
| ഹിന്ദി എഴുതാനും വായിക്കാനും ഉള്ള പരിശീലനം. | കേട്ടെഴുത്ത്,പദസൂര്യൻ,പ്രശ്നോത്തരി എന്നിവ നൽകുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | പി.റ്റി.എ |
| ഹിന്ദി എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന ഒൻപത്,പത്ത് ക്ലാസ്സിലെ കുട്ടികൾക്കുള്ള പരിശീലനം. | ചിത്രകഥ, കാർട്ടൂൺ,കവിതകൾ ഇടങ്ങിയവ വായനയ്ക്കായി നൽകുന്നു. വർക്ക് ഷീറ്റ് നൽകുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | പി.റ്റി.എ |
| വ്യാകരണം പരിചയപ്പെടുത്തൽ | ചാർട്ടുകൾ നൽകി നാമം,സർവ്വനാമം,ക്രിയ മുതലായവ പരിചയപ്പെടുത്തുന്നു. | ഒക്ടോബർ - ഡിസംബർ | ഹിന്ദി അധ്യാപകർ | പി.റ്റി.എ |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തൽ,സാഹിത്യാഭിരുചി വളർത്തൽ ,ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുക | നാടക അവതരണം,കവിതകളുടെ ആസ്വാദന കുറിപ്പ് തയ്യാറാക്കൽ,പദ്യം ചൊല്ലൽ,കഥ,കവിത,പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ജനവരി-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | പി.റ്റി.എ |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്, ഇംഗ്ലീഷ് അസംബ്ലി ലൈബ്രറി നവീകരണം | അവധിക്കാലത്തും ശനിയാഴ്ചകളിലും | പി.റ്റി.എ അധ്യാപകർ | പി.റ്റി.എ . മാനേജ്മെന്റ് |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുന്നു. | സിനിമ,ഡോക്കുമെന്ററി,പ്രൊഫൈൽ & സ്ക്രിപ്റ്റ് തയ്യാറാക്കൽ എന്നിവ പരിശീലിപ്പിക്കുന്നു. റോൾ പ്ലേ,ഇംഗ്ലീഷ് ഡേ ആചരണം, സെമിനാർ,കോറിയോഗ്രാഫി തയ്യാറാക്കൽ,പപ്പറ്റ് ഷോ തുടങ്ങിയവ അവതരിപ്പിക്കുന്നു. | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ | പി.റ്റി.എ ഇംഗ്ലീഷ് ക്ലബ് | പി.റ്റി.എ. രക്ഷിതാക്കൾ |
| സ്വതന്ത്ര വായനയ്ക്കും എഴുത്തിനും കുട്ടികളെ സജ്ജരാക്കുക. | ചിത്രവായന,പത്രവായന,പബ്ലിക് സ്പീക്കിങ്,അസംബ്ലി ന്യൂസ് റീഡിംഗ് ,ന്യൂസ് എഡിറ്റിംഗ്,ബുക്ക് റിവ്യൂ,മാഗസിൻ | വെക്കേഷൻ, ശനിയാഴ്ചകൾ , ക്ലാസ്സ് പ്രവർത്തനങ്ങളോടൊപ്പം | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നല്കുന്നു. | വർക്ക് ഷീറ്റ്, ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നല്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് അധ്യാപകർ |
| സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | പ്രശസ്ത എഴുത്തുകാര് നിരൂപകർ എന്നിവരുമായുള്ള അഭിമുഖം,വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. ഇംഗ്ലീഷ് ഫെസ്റ്റ്,ഇംഗ്ലീഷ് ഫിലിം എന്നിവ കാണാനുള്ള അവസരം. | ഓണം,ക്രിസ്മസ് അവധികൾ അക്കാദമിക വർഷത്തിൽ ഒരു പ്രാവശ്യം | ഇംഗ്ലീഷ് ക്ലബ് | പി.റ്റി.എ മാനേജ്മെന്റ് എസ്.ആർ.ജി |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്ര അവബോധമുള്ളവരാക്കുക. | വയൽകിളികൾ :- സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കൾക്ക് പ്രത്യേക പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | നിശ്ചയിച്ച തീയതികളിൽ അക്കാദമിക വർഷം മുഴുവനും നടത്തുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.റ്റി.എ |
| പൗരബോധം,മൂല്യബോധം എന്നിവ വളർത്തുക | ഒന്നായി നമ്മൾ :- സ്കൂൾ പാർലമെന്റ് ,മോക് പാർലമെന്റ് ,പൗരബോധം,സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷത്തിൽ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | അധ്യാപകർ | സ്കൂൾ, കുട്ടികൾ മാനേജ്മെന്റ് |
| മതേതരത്വം,സഹിഷ്ണുത എന്നിവ ക്രിയാത്മക പ്രവർത്തനത്തിലൂടെ വളർത്തുക. | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ :- സർവ്വേ ,പ്രോജക്ട്,ചർച്ചകൾ, സംവാദങ്ങൾ,അഭിമുഖങ്ങൾ തുടങ്ങിയവ നടത്തുന്നു. സാമൂഹ്യപരിഷ്കർത്താക്കളെ പരിചയപ്പെടുത്തൽ | അക്കാദമിക വർഷം | അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| ഭൂപടവായന,സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക. | പട്ടപാതയിലൂടെ :- ഭൂപടവായന പ്രോത്സാഹിപ്പിക്കുന്നു. അറ്റ്ലസ്,മാപ്പുകൾ,ഗ്ലോബ് എന്നിവ ഉപയോഗിക്കാൻ പഠിപ്പിക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ പൊതുവിജ്ഞാനം വളർത്തുന്നു. | മൈസിനിമ റൂം :- ക്വിസുകൾ,ദിനാചരണങ്ങൾ ,സംവാദം,ചരിത്ര സിനിമാ പ്രദർശനം | അക്കാദമിക വർഷം | അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| പ്രാദേശിക ചരിത്രം ആസ്പദമാക്കി കുട്ടികളെ കലണ്ടറിൽ പരിശീലനം കൊടുക്കൽ. | Time line ചരിത്രത്തിന്റെ ആസ്പദമാക്കി മാതൃകയിലാക്കി കൊടുക്കൽ. Map Locating | അക്കാദമിക വർഷത്തിൽ നിശ്ചയിക്കപ്പെട്ട ദിവസങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപകർ | മാനേജ്മെന്റ്, പി.ടി.എ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മിതികളിലെ ഗണിത കൈമാറിക്കൽ | ശില്പശാലകൾ | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നാക്കം നിൽക്കുന്ന കുട്ടികൾ | പി.ടി.എ മാനേജ്മെന്റ് |
| ഗണിതശാസ്ത്ര നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയ ധാരണ കൈവരിക്കൽ | മാത്സ് ക്ലിനിക് | ജൂൺ പ്രാരംഭം | ഗണിത അധ്യാപകർ | പി.ടി.എ |
| ഗണിത ആശയങ്ങളിൽ നിലവാരം ഉറപ്പുവരുത്തുക ഗണിത ക്രിയകൾ, ആശയങ്ങൾ ഇവ പരിചയപ്പെടൽ | ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. | അക്കാദമിക വർഷത്തിൽ മാസ് | അധ്യാപകർ, ഗണിത ക്ലബ് | പി.ടി.എ |
| ഗണിത വിജ്ഞാനത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ശാസ്ത്ര - സാമൂഹ്യ പ്രദർശനങ്ങളിലെ ഗണിത അധ്യാപകരും കുട്ടികളും ചേർന്ന് നയിക്കുന്നു | അവധി ദിവസങ്ങളിൽ | ഗണിത അധ്യാപകർ | ഗണിത ക്ലബ്, മാനേജ്മെന്റ് |
| ഗണിത ലാബ്, ഗണിത മേള | വിവിധ മത്സരങ്ങൾ നടത്തുക, ശില്പശാലകൾ, പഠന ഉപകരണങ്ങളുടെ നിർമ്മാണം | അക്കാദമിക വർഷം മുഴുവൻ | ഗണിത ക്ലബ്, സൊസൈറ്റി, അധ്യാപകർ | പി.ടി.എ |
| ഗണിതത്തിൽ താല്പര്യം ജനിപ്പിക്കുക (പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക്) | വർക്ക് ഷീറ്റ് നൽകി പരിശീലനം കൊടുക്കൽ. പരീക്ഷകൾ നടത്തുക. നിർമ്മിതികൾ പരിശീലിപ്പിക്കുക. ആവശ്യമായ കൾ നിർമ്മാണം ചെയ്യാൻ പരിശീലിപ്പിക്കുക. | അക്കാദമിക വർഷത്തിലെ നിശ്ചിത ദിവസങ്ങളിൽ | ക്ലബ് സൊസൈറ്റി, അധ്യാപകർ, മറ്റ് കുട്ടികൾ | പി.ടി.എ മാനേജ്മെന്റ് |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം | വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ,മോഡലുകൾ മുതലായവ ഇനം തിരിച്ച് ക്രമീകരിക്കുക | ആദ്യ ടേം | ശാസ്ത്ര അധ്യാപകർ | S.R.G , P.T.A |
| മാലിന്യമുക്ത-ആരോഗ്യ,ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്സ്,ജീവിത ശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്,പരിസര ശുചീകരണം | യഥാസമയങ്ങളിൽ | ശാസ്ത്ര അധ്യാപകർ | ആരോഗ്യ വകുപ്പ്,മുനിസിപ്പാലിറ്റി |
| എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ മുൻക്ലാസ്സിൽ നേടേണ്ട അടിസ്ഥാന ശേഷി ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. | ആശയധാരണകൾ ഉറപ്പിക്കൽ പഠന പിന്നോക്കാവസ്ഥയിലുള്ളവർക്ക് അധിക വിനിമയം ലഭിക്കാൻ പരീക്ഷകൾ നടത്തുന്നു. | ജൂൺ-ജൂലൈ | ശാസ്ത്ര അധ്യാപകർ | കൃഷിഭവൻ, പി.റ്റി.എ |
| ശാസ്ത്രാഭിരുചി വളർത്തുന്നതി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | സ്കൂൾ ശാസ്ത്ര മേള,ലഘുപരീക്ഷണങ്ങളുടെ നിർവ്വഹണം. | ആദ്യ ടേം | ശാസ്ത്ര അധ്യാപകർ | പി.റ്റി.എ, കുട്ടികൾ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്രാഭിരുചി വളർത്താനും | ശാസ്ത്ര പതിപ്പുകൾ, ചാർട്ടുകൾ എന്നിവ തയ്യാറാക്കൽ. ശാസ്ത്രപഠനയാത്രകൾ സംഘടിപ്പിക്കൽ. | യഥാസമയങ്ങളിൽ | ശാസ്ത്ര അധ്യാപകർ, മറ്റ് അധ്യാപകർ | P.T.A DIET |
| പ്രതിഭകൾക്ക് പ്രത്യേക പരിശീലനം. ഭിന്നശേഷിക്കാരിലെ പ്രതിഭകളെ കണ്ടെത്തുന്നു. വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നു. | രണ്ടാം ടേമിൽ ശാസ്ത്ര പ്രതിഭകളെ തിരിച്ചറിയുന്നതിന് വിവിധങ്ങളായ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ശാസ്ത്ര വാർത്തകൾ ശേഖരിച്ച് പ്രദർശിപ്പിക്കാൻ അവസരം കൊടുക്കുന്നു. | രണ്ടാം ടേം | ശാസ്ത്ര അധ്യാപകർ | S.R.G, P.T.A |

## കമ്പ്യൂട്ടർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് കമ്പ്യൂട്ടർ ഹാർഡ് വെയർ പരിചയപ്പെടുത്തൽ | എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ ലാബിലെ ഉപകരണങ്ങൾ പരിചയപ്പെടാൻ അവസരം കൊടുക്കുന്നു. | ക്ലാസുകൾക്കായി വരുന്ന ദിവസങ്ങളിൽ | ഐ.ടി വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർ | കുട്ടികൾ |

| | | | | |
|---|---|---|---|---|
| മലയാളം ടൈപ്പിംഗിൽ അവസരം കൊടുക്കുന്നു. ഡോക്യുമെന്റേഷൻ(വീഡിയോ , ആനിമേഷൻ)പരിശീലിപ്പിക്കുന്നു | മലയാളഭാഷയിലെ വാക്കുകൾ ടൈപ്പ് ചെയ്യാനുള്ള പ്രാക്ടിക്കൽ പരിശീലനം കൊടുക്കുന്നു. | ക്ലാസ്സിന്റെ അവസരങ്ങളിൽ | ഐ.ടി അധ്യാപകർ | പി.റ്റി.എ |
| പരീക്ഷകൾക്കുള്ള ഒരുക്കം നടത്തുന്നു. | ഓരോ കുട്ടികൾക്കും പ്രവർത്തനങ്ങൾ ചെയ്യാനുള്ള അവസരം നൽകുന്നു. | ഓരോ പരീക്ഷകൾക്കും മുമ്പായി | ലിറ്റിൽ കൈറ്റിലെ കുട്ടികൾ | മാനേജ്മെന്റ് |

# പ്രതീക്ഷിത നേട്ടങ്ങൾ

1. വിദ്യാർത്ഥികേന്ദ്രീകൃതമായ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

2.വിദ്യാലയപ്രവേശന നിരക്ക് വർദ്ധിക്കുന്നു.

3. നാട്ടിലുള്ള വിദ്യാലയം ഒഴിവാക്കി മറ്റ് ഇടങ്ങൾ തേടി കുട്ടികൾ പോകുന്ന പ്രവണത ഒഴിവാക്കൽ.ഇതാണ് മികവിന്റെ വിദ്യാലയം എന്ന ധാരണ സൃഷ്ടിക്കൽ.

4. പരിസ്ഥിതി സൗഹൃദ വിദ്യാലയ അന്തരീക്ഷം.

മാനുഷികത മറക്കുകയോ മറയ്ക്കുകയോ ചെയ്യുന്ന ഒരു കാലഘട്ടത്തിൽ യന്ത്രസമാന മനസ്സുമായി ജീവിക്കുന്നവരാണ് ഇന്ന് അധികവും. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധൂകരിക്കുന്നുണ്ടോ എന്ന് സംശയം. വിദ്യാഭ്യാസത്തെ കച്ചവട മനോഭാവത്തോടെ സമീപിക്കുന്ന ആധുനിക പ്രവണതകൾ കൂടി വരുമ്പോൾ ശരിയേത് തെറ്റേത് എന്ന് തിരിച്ചറിയാനാകാതെ സമൂഹം പകച്ച് നിൽക്കുകയാണ്.നാട്യങ്ങളില്ലാതെ നന്മകളാൽ സമൃദ്ധമായ ഒരു വിദ്യാലയവും വിദ്യാലയാന്തരീക്ഷവും സൃഷ്ടിക്കാനായി ഭരണാധികാരികൾക്ക് കടമയുണ്ട്.മൂല്യവത്തായ ഒരു വിദ്യാഭ്യാസ നയം നടപ്പാക്കാനുള്ള ഏതു ശ്രമവും പ്രോത്സാഹജനകമാണ്. അത്തരം ശ്രമങ്ങൾക്കുള്ള പിന്തുണയും പ്രോത്സാഹനവുമാണ് ഈ വികസനരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## പ്രതീക്ഷിത നേട്ടങ്ങൾ -

പദ്ധതി നടപ്പാക്കി കഴിയുമ്പോൾ നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ടാകണം എന്നും നാം ലക്ഷ്യം വയ്ക്കുന്ന മാറ്റങ്ങളും തദ്വാര കൈവരിക്കുന്ന നേട്ടങ്ങളും ഉൾപ്പെടുത്തുക.മാതൃക പരിശോധിക്കുക.

## പ്രതീക്ഷിത നേട്ടങ്ങൾ കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ

.ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

. സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.

. വിദ്യാലയത്തിലേയ്ക്ക് പ്രവേശിക്കുന്ന കുട്ടികളുടെ എണ്ണം.

. മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

. വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾത്തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്.ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് ഗുണമേന്മാ വിദ്യാഭ്യാസയജ്ഞം.അതിനാൽ കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നത്.നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

# അനുബന്ധം

## നടപ്പുവർഷത്തെ പ്രവർത്തനങ്ങൾ

1. ക്ലാസ്സ് അടിസ്ഥാനത്തിൽ പി.ടി.എ. മീറ്റിംഗ്
2. മാതാപിതാക്കളോടുമായുള്ള നിരന്തര ആശയ വിനിമയം
3. കുട്ടികളുടെ ഭവന സന്ദർശനം
4. പൊതുപരീക്ഷയിൽ മികവാർന്ന വിജയം. എച്ച്.എസ് 100%
5. മാസം തോറുമുള്ള ടെസ്റ്റ് പേപ്പറുകൾ
6. സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
7. മാതൃകാ പി.എസ്.സി. പരീക്ഷകൾ നടത്തുന്നു.
8. JRC,SCOUT, GUIDING,Little Kites
9. NMMS പരിശീലനം
10. ലഹരി വിരുദ്ധ ക്യാമ്പസ്
11. പൊതുവിജ്ഞാന ക്വിസ് (ശാസ്ത്ര പഥം)
12. അക്ഷര കളരി
13. മോട്ടിവേഷൻ ക്ലാസ്സുകൾ
14. ലൈഫ് സ്കിൽ പ്രോഗ്രാം
15. സയൻസ് സിറ്റി സന്ദർശനം